LIBRARY ARCHIVES Kerala Legislative Assembly

## കയർത്തൊഴിലാളി ക്ഷേമനിധി

**101 (2596)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരുടെ എണ്ണമെത്രയാണ് ;

(ബി) ക്ഷേമനിധി ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പെൻഷന് അർഹരായവരെത്ര ; പെൻഷൻ കുടിശ്ശിക നൽകാനുണ്ടോ ; എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും ആകെ എത്ര തുകയാണ് കുടിശ്ശികയായി നൽകാനുള്ളതെന്നും അറിയിക്കുമോ ?

ഉത്തരം

(എ) കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 31-3-2015 വരെ 2,14,958 കയർ തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്.

(ബി) ഉണ്ട്. കയർ തൊഴിലാളി പെൻഷൻ കുടിശ്ശിക ഒഴികെ ക്ഷേമനിധി ബോർഡിന്റെ 9 യൂണിറ്റ് ഓഫീസുകളിലായി കുടിശ്ശികയായിട്ടുള്ള വിവിധ ധനസഹായങ്ങൾ വിതരണം ചെയ്യുന്നതിന് 3,23,00,000 രൂപ (മൂന്നുകോടി ഇരുപത്തിമൂന്ന് ലക്ഷം രൂപ) കുടിശ്ശികയായിട്ടുണ്ട്.

(സി) കേരള കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇപ്പോൾ 64,065 പേർക്ക് പെൻഷന് അർഹതയുണ്ട് (1630 കുടുംബ പെൻഷൻകാർ ഉൾപ്പെടെ) മാർച്ച് 2015 മുതൽ മെയ് 2015 വരെ 3 മാസത്തെ പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. ടി 3 മാസത്തെ പെൻഷൻ കുടിശ്ശികയായി 11,28,72,000 രൂപ നൽകാനുണ്ട്.

| | | |
|---|---|---|
| (1800 രൂപ x 62435 | = | 11,23,83,000 രൂപ + |
| 300 രൂപ x 1630 | = | 4,89,000 രൂപ) |
| ആകെ | = | 11,28,72,000 രൂപ) |